പരിഗണിക്കണമെന്നു് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഉണ്ടു്.

(ബി) ശുപാർശ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടു്.

ഡിസ്ട്രിക്ടു കളക്ടറന്മാരെ സംബന്ധിച്ച പരാതികൾ.

*766 [10] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തെ ഡിസ്ട്രിക്ടു കളക്ടറന്മാരിൽ ആരെയെങ്കിലും സംബന്ധിച്ചു് ഏതെങ്കിലും പരാതികളോ ആക്ഷേപങ്ങളോ ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രകൃതികളും, കൂടുതൽ സ്ത്രീസുള്ളവരുമായ ഐ. എ. എസ്സു്. കാരെ ഡിസ്ട്രിക്ടു കളക്ടറന്മാരായി നിയമിക്കുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ ശങ്കർ) :

(എ) ചില കളക്ടർമാരെപ്പറ്റി ഗവണ്മെൻറിനു് പരാതികൾ കിട്ടിയിട്ടുണ്ടു്.

(ബി) ശ്രദ്ധിക്കുന്നുണ്ടു്.

ശ്രീ. എം. സി. ഏബ്രഹാം : ഏതെല്ലാം കളക്ടർമാരെപ്പറ്റിയാണു് പരാതി കിട്ടിയിട്ടുള്ളതു് ; പരാതികളുടെ സ്വഭാവം എന്താണു് ?

ശ്രീ. ആർ. ശങ്കർ : പരാതികൾ വന്നതു് മൂന്നു കളക്ടർമാരെപ്പറ്റിയാണു് :

(1) കോട്ടയം കളക്ടർ ശ്രീ. എസ്സു്. പത്മകുമാർ,

(2) തൃശ്ശൂർ കളക്ടർ ശ്രീ. പി. എസ്സു്. ഏബ്രഹാം,

(3) കോഴിക്കോട്ടു് കളക്ടർ ശ്രീ. സഖറിയാ മാത്യു, എന്നിവരുടെ പേരിലാണു് പരാതികൾ കിട്ടിയിട്ടുള്ളതു്.

ശ്രീ. എം. സി. ഏബ്രഹാം : പരാതിയുടെ സ്വഭാവം എന്താണു് ?

ശ്രീ. ആർ. ശങ്കർ : ശ്രീ. പത്മകുമാറിനെപ്പറ്റി രണ്ടു പരാതികൾ വന്നിട്ടുണ്ടു്. ഒന്നു്, അഡ്വക്കേറ്റു് ശ്രീ. കെ. ജഗദീശപിള്ളൻ നായരോടു് അദ്ദേഹം അപമര്യാദയായി പെരുമാറി എന്നാണു്. പിന്നെ ഒന്നു്, ഒരു ലോവർ ഡിവിഷൻ ക്ലാർക്കായ ശ്രീ. പി. സി. ജോർജ്ജു് എന്ന ആളിനോടും അതുപോലെ അപമര്യാദയായി പെരുമാറി എന്നാണു്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ പരാതിയെപ്പറ്റി ഗവണ്മെൻറു് അന്വേഷണം നടത്തിയോ ; അന്വേഷണഫലം എന്താണു് ?

ശ്രീ. ആർ. ശങ്കർ : അഡ്വക്കേറ്റിനോടു് അപമര്യാദയായി പെരുമാറി എന്നതിനെപ്പറ്റി, ബാർകൗൺസിൽ അന്വേഷണം നടത്തുകയും, പരാതി വളരെ ശരിയാണെന്നുള്ള വിവരം ഗവണ്മെൻറിനെ അറിയിക്കുകയും ചെയ്തിരുന്നു. ഗവണ്മെൻറു് അതെല്ലാം പരിശോധിച്ചതിനുശേഷം, അദ്ദേഹത്തിൻറെ പേരിൽ അങ്ങനെ തെറ്റുള്ളതായി തെളിവില്ലെന്നുകണ്ടു് യാതൊരുനടപടിയും ആവശ്യമില്ല എന്നു തീരുമാനിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ പരാതി, ശ്രീ. പി. സി. ജാർജ്ജ് എന്നു പറയുന്ന ഒരു ക്ലാർക്കിനെ, കളക്ടറേറ്റ് ആഫീസിൽ വിളിച്ചു വരുത്തി, വളരെ മൂഡായി പെരുമാറി എന്നാണ്. അതിനുവേണ്ട നടപടി എടുക്കുന്നതിനു്, കളക്ടറുടെ പേരിൽകോടതിയിൽ പരാതിപ്പെടുന്നതിനു് അനുവാദത്തിനപേക്ഷിച്ചിരിക്കുകയാണു്. ആ അപേക്ഷ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : കോഴിക്കോട്ട കളക്ടറുടെപേരിലുള്ള പരാതി എന്തായിരുന്നു ; അതിനെപ്പറ്റി അന്വേഷണം നടത്തിയോ ?

ശ്രീ. ആർ. ശങ്കർ : കോഴിക്കോട്ട കളക്ടർ, അദ്ദേഹത്തിന്റെ പേഴ്സനൽ അസിസ്റ്റൻറ് ശ്രീ. ടി. വി. പദ്മനാഭക്കുറുപ്പിന്റെ കൈയിൽ ഒരു പാവയായി കഴിയുകയാണു്; അദ്ദേഹത്തിനു ഭരണപരിചയമില്ല എന്നൊക്കെയായിരുന്നു പരാതി. ആഫീസിൽ അദ്ദേഹത്തിന്റെ പെരുമാറ്റം ആശാസ്യമല്ല എന്നും പരാതിയുണ്ടായിരുന്നു. അതിനെപ്പറ്റി അന്വേഷിച്ചതിൽ അത്ര കാര്യമൊന്നും തോന്നിയില്ല. അങ്ങനെ അന്വേഷണം മതിയാക്കുകയാണുണ്ടായതു്.

ശ്രീ. ഈ. പി. ഗോപാലൻ : കോഴിക്കോട്ട കളക്ടറുടെ പേരിൽ ആക്ഷേപം തന്ന ആളിന്റെ പേരുണ്ടോ ; അതോ, ഊമക്കത്താണോ ?

ശ്രീ. ആർ ശങ്കർ : ഊമക്കത്താണോ, പെറ്റീഷനിൽ പേരുണ്ടോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

തൃശ്ശൂർ കളക്ടറെപ്പറ്റി പേരില്ലാത്ത ഒരു പരാതി കിട്ടിയതിൽ, അദ്ദേഹം വലിയ സമുദായവാദിയാണു്, വളരെ അഹങ്കാരിയാണു് എന്നെല്ലാം ഉണ്ടായിരുന്നു. കുറെ വിരോധം തോന്നിയാൽ ഇങ്ങനെ പേരു വയ്ക്കാതെ എന്തെങ്കിലും എഴുതി അയയ്ക്കുന്ന പതിവുണ്ടു്. അതിനെപ്പറ്റി അത്ര കാര്യമായി അന്വേഷിക്കാറില്ല. പിന്നെ ഒരു ചാർജ്ജുണ്ടായിരുന്നതു് അദ്ദേഹം അവിടെ ആരെയോ മനഃപൂർവ്വം ഉപദ്രവിക്കാൻ ചിലതൊക്കെ ചെയ്യുവരുന്നു എന്നാണു്. അതിൽ കാണുന്ന പേരു് കള്ളപ്പേരാണെന്നു തോന്നുന്നു. ഏതായാലും ഇതു രണ്ടും അങ്ങനെ ഉപേക്ഷിച്ചിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : കളക്ടറായിരിക്കാൻ ആവശ്യമുള്ള യോഗ്യതകൾ എന്തെല്ലാമാണു് ? വയഃക്രിപ്പിയുണ്ടോ ; ഐ. എ. എസ്സു്. അല്ലാത്ത ആരെങ്കിലും കളക്ടറായി ജോലി നോക്കുന്നുണ്ടോ ?

ശ്രീ. ആർ. ശങ്കർ : വയഃക്രിപ്പി വച്ചിട്ടില്ല. എങ്കിലും ഐ. എ. എസ്സു്. സർവ്വീസിൽ പ്രവേശിച്ചു് അഞ്ചു്, അഞ്ചര കൊല്ലം കഴിഞ്ഞതിനുശേഷമേ കളക്ടറായി അയയ്ക്കാറുള്ളു. 30, 28, 29 ഈ പ്രായത്തിലുള്ള ചെറുപ്പക്കാർ ഇപ്പോൾ കളക്ടർമാരായിട്ടുണ്ടു്. 55 വയസ്സു കഴിഞ്ഞ ഒരാളും ഇപ്പോൾ ഉണ്ടു്. കുറേ പ്രായം കൂടുതലുള്ള ഒന്നുരണ്ടു പേരുണ്ടു്. അധികമാളുകളും ചെറുപ്പക്കാരാണു്. ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു ചെറുപ്പക്കാർ കളക്ടർമാരായി പോകേണ്ടിവരും. അങ്ങനെയാണിരിക്കുന്നതു്.

വ്യവസായ ശാലകൾ.

* 767 [11] ശ്രീ. പി. എസ്സ്. കാത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ആകെയെത്ര വ്യവസായ ശാലകൾ ഉണ്ടു്;

(ബി) ഗവണ്മെൻറുടമയിൽ എത്ര; സ്വകാര്യ ഉടമയിൽ എത്ര;

(സി) അവയിൽ 1,000 തൊഴിലാളികളും അതിൽക്കൂടുതലും ജോലി ചെയ്യുന്ന വ്യവസായ ശാലകൾ എത്ര; അവ ഏതെല്ലാം വ്യവസായ ശാലകൾ ആണു്;

(ഡി) 100–ൽ, അതിൽ താഴെയും തൊഴിലാളികൾ ജോലി ചെയ്യുന്ന എത്ര വ്യവസായ ശാലകൾ ഉണ്ടു്?

LIBRARY ARCHIVES Kerala Legislative Assembly